Malappuram District Police

## 05/01/2018 കല്പകഞ്ചേരി

സദാചാര പോലീസ് ചമഞ്ഞ് അക്രമം നടത്തിയ യുവാവ് ആറ് വർഷങ്ങൾക്കുശേഷം അറസ്റ്റിൽ. എടരിക്കോട് അരീക്കൽ ഉണങ്ങല്ലൂർപറമ്പ് അബ്ദുൽ ആഷിഖിനെയാണ് (26) കൽപകഞ്ചേരി എസ്.ഐ) മഞ്ജിത്ത് ലാലിന്റെ നേതൃതത്തിലുള്ള സംഘം അറസ്റ്റ ചെയ്തത്. 2011ൽ പാലച്ചിറമാട് മഞ്ഞിലാസ്പടിയിൽ ഓട്ടോറിക്ഷ യാത്രക്കാരായിരുന്ന യുവാവിനെയും യുവതിയെയും അക്രമിക്കുകയും പണം തട്ടിയെടുക്കുകയും ചെയ്ത കേസിൽ ജാമ്യത്തിലിറങ്ങി മുങ്ങിയതായിരുന്നു പ്രതി. കൂട്ടുപ്രതികൾ ജാമ്യത്തിലിറങ്ങി വിദേശത്തേക്ക് കടന്നിരുന്നു. അന്വേഷണ സംഘത്തിൽ എ.എസ്.ഐ സുകീഷ് കുമാർ, സി.പി.ഒ ഹരീഷ് എന്നിവരുമുണ്ടായിരുന്നു. പ്രതിയെ മഞ്ചേരി കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.